**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5549** — **01.07.2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ഭിന്നശേഷിക്കാർക്ക് സജ്ജീകരണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ഭിന്നശേഷി ക്കാർക്ക് ആവശ്യമായ സജ്ജീകരണ ങ്ങൾ ഇല്ലാത്തതുമൂലം പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്കായി ഇത്തരം കേന്ദ്രങ്ങളിൽ ഒരുക്കുന്നതിന് ആലോചിക്കുന്ന തെന്ന് വ്യക്തമാക്കുമോ? | ബി) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്ര ങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് "ബാരിയർ ഫ്രീ കേരള ടൂറിസം". 2021-ൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാര ത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിനായി 9 കോടി രൂപയുടെ |

ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ് ലറ്റ്, വീൽ ചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/ യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ആദ്യഘട്ടത്തിൽ 120 ടൂറിസം ഡെസ്റ്റിനേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 70 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ് ലറ്റുകൾ, 115 വാക്കിംഗ് സ്റ്റിക്കുകൾ, 106 വീൽ ചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസുകൾ എന്നിവ സജ്ജമാക്കി കഴിഞ്ഞു.

സെക്ഷൻ ഓഫീസർ